## 'കപ്പലണ്ടി' കവിതകൾ

(1)

"പകലിന് തീ കൊളുത്തി സൂര്യൻ;
നിലാവ് ഇരുളെരിയുന്നു, രാത്രി!
ഇതിൽപ്പരമെന്ത് വർണ്ണിക്കാൻ;
കാലവിശേഷം?!"

(2)

"മഴയിത്രമേൽ
കുറഞ്ഞിട്ടുമെന്തേ;
സൂര്യക്രോധമേറുന്നു, വേനൽ!"

(3)

"കാലശിരസ്സിൽ സമയം
നിമിഷമുടികൊഴിയുന്നനുനിമിഷം!"

(4)

"എന്തു പുരോഗതി
നേടീനമ്മൾ;
ഭൂമിത്തൊലിയിൽ
ഇപ്പോഴും വസിക്കെ?!"

(5)

"സൂര്യൻ വേനൽച്ചെണ്ട
കൊട്ടിപ്പോയഭൂമിയുടെ മാറിൽ
ഇടയ്ക്ക കൊട്ടി പാടുവാനോ
വരുന്നൂ, മഴമേഘങ്ങൾ?!"

(6)

"ബഹുഭാര്യാത്വം
നിമിഷം തോറും
വേപഥുവെരിഞ്ഞ്
തീരുന്നസൂര്യൻ!"

(7)

"വേനൽതാണ്ടുവാൻ
മഴയുടെ സ്മൃതികൾ
വേരിൽ സംഭരിക്കുന്ന
മരങ്ങൾ – ഒട്ടകങ്ങൾ?!"

(8)

"മഴമേഘംകാൺകെ
ഇലക്കണ്ണെഴുതി;
നോക്കൂ, മരങ്ങൾതൻമോദം
ശോഭനനൃത്തകാലം!"

(9)

“കാത്തുകാത്ത് നമ്മൾ
പെയ്തമഴകഷ്ടം!
കടൽമരുഹൃത്തിൽ
ഒലിച്ചുതീരുന്നു?!
പ്രണയവ്യർത്ഥം
തലമോളിലനുനിമിഷം
ജ്വലിച്ച്രോഷം
ഹൃദയശൂന്യൻ ഒരു
സദാചാരസൂര്യൻ!”

(10)

“കറവവറ്റി പയ്യിനെവിറ്റു,
വിൽക്കവയ്യമ്മയെ-
തോരുന്നില്ല ദു:ഖം!”

(11)

“സദാഎരിയുന്ന
സൂര്യന്റെയുള്ളം
എരിവ്കൂട്ടി
മഴയാശ്ലേഷിക്കുന്നു;
പ്രണയിമേഘങ്ങൾ!”

(12)

“വസന്തം ചൊറിഞ്ഞു,
പൂച്ചെടിക്കാതിൽ;
മഴവിരൽതൊട്ട് -
‘ഉണരൂ;പൂ മക്കളെ;
ഉണരുണരൂപൂ മക്കളെ!”

(13)

“കവികളായ കവികളെല്ലാം
കവിതകളെഴുതി
നിളയുടെ പതിനാറടിയന്തിരം
പൂർത്തിയായങ്ങനെ!”

---

ബിനോയ്.എം.ബി
കളരിക്കൽ വീട്
അമ്പലപുരം
പെരിങ്ങണ്ടൂർ (പി.ഒ)
തൃശൂർ - 680581
ഫോൺ : 8606638199
email id : binoymb2008@gmail.com